Mr. A. B. Salem *(Mattancheri):* Therefore that is a proposition which the Government must seriously think of in the interests of the House, and in their own interests to see that they do nothing to impair the independence of the members of this Council. The charge is that you are impairing their independence and you are making the people to impute motives for their actions, though in truth, they may have no motive at all. They may be sitting quiet because they have nothing to contribute to the debates, but nevertheless the silence may be imputed to the fact of a piece of loaf or a piece of fish being in their mouth. That is the implication which must be avoided by the Government who want fair dealing and a reputation to be maintained. If you don't want a fair name and if you don't care for your reputation, you may corrupt the members and go on. Any Government that stand open to corruption or to any ideas of corruption or anything tainted with the idea of corruption, will not be a Government that could aspire to a fair name as a good Government. We want a good Government and a Government above all these things, a Government that will stand on their own meritorious actions and nothing else. Because the transferred half is among us and we are paying some people, we can be equally sure of their votes jut as the Government block. The Diwan has got a block of his own people. I have always said they were a block of heads who have no reason to be here. It should be counted only as one. They have no independence and when a motion is put all the twelve will rise and they count twelve votes. Therefore on the same principle those who receive honorarium if do not stand up on a particular issue, they stand to lose their honorarium. Some reason or other will be found to deprive them of their honoraria. Then what will happen? They will be embittered against the person who has deprived them of their honoraria. From dependence they will come to bitterness and the attack will be more and more vehement upon the person who deprived them of their honoraria, and we do not know what will happen. Since the Hon'ble Member for Cranganur is not in his seat .....

Mr. K. M. Ibrahim *(Cranganur):* You have called me and I have come.

Mr. A. B. Salem *(Mattancheri):* Supposing the Minister who has given the Honorarium deprives the members of that, or one particular member is selected for disciplinary action and deprived him of his honorarium for some reason or other which he thinks is unjust, what will be the vehemence of that member against the Minister; what will be the adjectives that will be used and the superlative adjectives that will be used against the member? An attack made by an independent member against a semi-dependant member brought so much of vehemence.

Mr. K. M. Ibrahim *(Cranganur):* You say there will be more vehemence.

Mr. A. B. Salem *(Mattancheri):* Thare will be scenes enacted here which may not be good for us to look on. Therefore those principles must be borne in mind by the Government. I do not say that you have been corrupted. That is not what I am saying but what I am saying is that there is a chance of your being held up as corrupt.

Mr. K. M. Ibrahim *(Cranganur):* Should there not be a rule that issues of sitting members, relatives, sons, daughters, wives, etc., should not be drafted to the Government service because indirectly that will affect the independence of the sitting member?

Mr. M. Nanu Menon *(Ernakulam):* What happens to those members who have no issues?

Mr. A. B. Salem *(Mattancheri):* Issues can get into the service. Wives can get into the service. Anybody can get into the service. Do you know how many appointments of relatives are made in the Cochin State. Do you want me to go into these details. There are many, and

LIBRARY ARCHIVES Kerala Legislative Assembly

they come there according to their own merits and according to their own wishes. If an issue of an hon'ble member wants to go and jump into the backwater, provided he is a major, it is not our business. If the Hon'ble Member is referring to me personally, I can say that my wife entered service before I was a sitting Member of this House and I can assert that no member has attacked the Hon'ble the Chief Medical Officer sitting in this House more vehemently than myself with my wife directly under his control in her official life.

Members of this House who aspire and get offices should get away from this House. Don't sit in this House. That is the only thing. Switch off. Then, the people who sit here, can carry on without their dignity and independence being questioned.

Mr. K. M. Ibrahim *(Cranganur)*: We have won the election by the number of votes, and not by the action of Law.

Mr. A. B. Salem *(Mattancheri)*: You have your speech, and I have mine. People will read both and let them judge. As far as the first proposition is concerned, I am unable to support it; as far as the second proposition, that is Mr. Ramachandra Ayyar's amendment, is concerned I am perfectly at one with him, and the policy has been condemned and is self-condemned and cannot be condemned enough. With these few words, I resume my seat.

മിസ്റ്റർ സി. വി. ഇയ്യു: ഈ പ്രമേയത്തിനു ഞാൻ കൊണ്ടുവന്ന ഭേദഗതി അവതരിപ്പിക്കുന്നില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: അതു കഴിഞ്ഞുപോയി. പിന്നത്തെ ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നതു്. Please be Correct in your facts.

മിസ്റ്റർ സി. വി. ഇയ്യു: അതു കഴിഞ്ഞുപോയിരുന്നാലും അതിന്റെ തത്വത്തെ ആസ്പദിച്ചെങ്കിലും ഈ പ്രമേയം നടപ്പിൽവരുത്തിക്കൂടാത്തതാണു്. അതിനെ സംബന്ധിച്ചു് ഞാൻ ഉദ്ദേശിച്ചിരുന്നതു പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായാംഗങ്ങളെ ഉദ്യോഗത്തിൽ നിയമിക്കുന്നതിനു വിരോധമില്ലെന്നുള്ള അഭിപ്രായംതന്നെയാണു്. ഈ അഭിപ്രായം വേറെ ഒരു വിധത്തിൽ ബഹുമാനപ്പെട്ട ക്രാങ്ങ്ഗന്നൂർ മെമ്പർ ഈ സഭയെ ധരിപ്പിച്ചിട്ടുണ്ടല്ലോ. War workനെ ബാധിക്കുന്ന കാര്യങ്ങളിൽ ഗവർമ്മെണ്ടുദ്യോഗം കൊടുക്കുന്നതിനെ നീതീകരിക്കുന്ന വിഷയത്തിൽ ഒരു ചുമതലയെടുക്കേണ്ട ആവശ്യം എന്നെ സംബന്ധിച്ചിടത്തോളം ഇല്ല. ജനാധിപത്യാദർശങ്ങളെ ഉദ്ദേശിച്ചാണു് നമ്മുടെ നിയമസഭയും ലോകത്തിലെ മറ്റു സ്ഥലങ്ങളിലുള്ള നിയമസഭകളും പാർലിമെന്റുകളും ഉണ്ടായിട്ടുള്ളതു്. ജനാധിപത്യസ്ഥാപനങ്ങളുടെയെല്ലാം മാതാവായി നാം വിചാരിച്ചുവരുന്നതു് ബ്രിട്ടീഷു് പാർലിമെന്റിനെയാണു്. ബ്രിട്ടീഷു് പാർലിമെന്റിൽ മെമ്പറായിരിക്കുന്നവർ പല ഉത്തരവാദപ്പെട്ട ഉദ്യോഗങ്ങളിലും ഇരിക്കുന്നതായി രാജ്യഭരണകാര്യങ്ങളെ സംബന്ധിച്ചു് വിവരമുള്ള ആളുകൾക്കെല്ലാം അറിയാം. പാർലിമെന്റിന്റെ ആദർശമാണു് നമുക്കുമുള്ളതു്. അതുപോലെയുള്ള ഭരണമാണു് നമുക്കു് ആവശ്യമായിട്ടുള്ളതും. ഇവിടത്തെ കീഴ്നടപ്പു വെച്ചു നോക്കുന്നപക്ഷംതന്നെ ഈ നിയമസഭ ഉണ്ടായകാലംമുതൽ ഇന്നുവരെ സിറിംഗു മെമ്പേഴ്സു് തന്നെ ഗവർമ്മെണ്ടു വേതനം പറ്റീട്ടും, ഓണറേറിയമായിട്ടും ഉദ്യോഗത്തിലിരുന്നിട്ടുണ്ടു്. പെൻഷനില്ലാത്ത ഓണറേറിയംവാങ്ങി ഒഫിഷ്യൽ റസീവർ ജോലി നോക്കിവന്നിരുന്ന ചില മെമ്പർമാർ ഈ നിയമസഭയിലുണ്ടായിരുന്നു. പലപ്രാവശ്യത്തിയിലും ഗവർമ്മെണ്ടു വേതനം പറ്റി ഉദ്യോഗത്തിലിരുന്നിട്ടുള്ള മെമ്പർമാർ ഇതിനുമുമ്പും ഈ നിയമസഭയിൽ ഉണ്ടായിരുന്നു. നിയമസഭാമെമ്പർമാരായി തിരഞ്ഞെടുത്തയക്കുന്ന അവസരത്തിൽ തങ്ങളുടെ പ്രതിനിധി ഉദ്യോഗം സ്വീകരിക്കരുതെന്ന മനസ്ഥിതിവെച്ചുകൊണ്ടു് വോട്ടർമാരാരും ഒരുരേയും തിരഞ്ഞെടുത്തയക്കുകയുണ്ടായിട്ടില്ല. നേരെമറിച്ചു് വോട്ടുകൊടുത്തു നിയമസഭയിലേക്കു മെമ്പർമാരെ തിരഞ്ഞെടുത്തയക്കുമ്പോൾ അവർ ഗവർമ്മെണ്ടു വേതനം പറ്റി ഉദ്യോഗത്തിൽ പ്രവേശിക്കുന്നുണ്ടെങ്കിൽ അതു പൊതുജനങ്ങൾക്കു സമ്മതമാണെന്നാണു് ഇതുവരെയുള്ള അനുഭവങ്ങൾകൊണ്ടു വിചാരിക്കേണ്ടതു്. നിയമസഭാ തിരഞ്ഞെടുപ്പു കാലത്തു് വല്ല നിയോജകമണ്ഡലങ്ങളിലും നിന്നു് നമ്മുടെ നിയമസഭയിലെ രാഷ്ട്രീയ കക്ഷി സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ തങ്ങൾ ഉദ്യോഗം സ്വീകരിക്കയില്ലെന്നുള്ള മാനിഫെസ്റ്റോ ആരും ഇറക്കിയതായി ഞാൻ വർത്തമാനപത്രങ്ങളിൽപോലും കണ്ടിട്ടില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്തു് കൊച്ചിൻ കോൺഗ്രസു കക്ഷിയും സ്റ്റേറ്റ് കോൺഗ്രസു് കക്ഷിയും എനിക്കു അവരവരുടെ മാനിഫെസ്റ്റോയും പ്രതിജ്ഞാപത്രങ്ങളും അയച്ചിരുന്നു. ആ രണ്ടു പ്രതിജ്ഞാപത്രങ്ങളിലും ഞാൻ ഒപ്പിട്ടിട്ടില്ല. ആ രണ്ടു പ്രതിജ്ഞാപത്രങ്ങളിലും നിയമസഭാമെമ്പർസ്ഥാനത്തിലിരിക്കുന്നേടത്തോളം കാലം ഞാൻ സക്കാർ ഉദ്യോഗം സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൂടാ എന്നു പ്രതിജ്ഞചെയ്യണം എന്നു പറഞ്ഞിട്ടില്ലായിരുന്നു. നിയമസഭാ സ്ഥാനാർത്ഥികൾ സർക്കാർ ഉദ്യോഗം സ്വീകരിക്കാൻ പാടില്ലെന്നുള്ള യാതൊരു പ്രസിദ്ധീകരണങ്ങളും ഒരു രാഷ്ട്രീയകക്ഷിയും പ്രസിദ്ധീകരിച്ചതായി എനിക്കറിവുമില്ല, ഞാൻ അങ്ങിനെയൊരുവാഗ്ദത്തം ആരോടും ചെയ്തിട്ടുമില്ല.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: തൃശ്ശിവപേരൂർ ഈഴവനിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിനുനിന്ന മൂ സ്ഥാനാർത്ഥികളിൽ ഒരാൾ ഞാൻ ഉദ്യോഗാർത്ഥിയല്ല എന്നു് പത്രങ്ങളിൽ വെണ്ടക്ക അക്ഷരത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തൃശ്ശിവപേരൂർ ഈഴവനിയോജകമണ്ഡലം മെമ്പർ മിസ്റ്റർ കെ. ടി. അച്ചുതനല്ല. അവിടെ ആ സമുദായത്തിൽനിന്നു മൂ സ്ഥാനാർത്ഥികളും ഉണ്ടായിരുന്നുമില്ല. ബഹുമാനപ്പെട്ട തത്തമംഗലം മെമ്പക്കുതെറ്റിപോയതായിരിക്കും.

മിസ്റ്റർ സി. വി. ഇയ്യു: എന്തെങ്കിലും ഞാൻ ഉദ്യോഗാർത്ഥിയല്ലെന്നു പ്രസിദ്ധപ്പെടുത്തീട്ടു തിരഞ്ഞെടുപ്പിനുശേഷം ഉദ്യോഗത്തിൽ പ്രവേശിക്കുകയാണെങ്കിൽമാത്രമെ അയാളെ കുറ്റപ്പെടുത്തേണ്ടതുള്ളു. ഉദ്യോഗാർത്ഥിയല്ലാത്ത ആളാണെന്നു വിശ്വസിച്ചു ആ നിയോജകമണ്ഡലത്തിലെ വോട്ടർമാർക്കു് അയാളെ തിരഞ്ഞെടുത്തതായി കരുതണം.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: ഞാൻ പറഞ്ഞതു് എന്താണെന്നു ഭവാന്റെ ദൃഷ്ടിയിൽ പെട്ടില്ല. കണ്ണു നല്ലവണ്ണം തുറന്നു നോക്കിയാൽ കാണാം.

മിസ്റ്റർ സി. വി. ഇയ്യു: ഉദ്യോഗം സ്വീകരിച്ചുകൊള്ളുവാൻ അനുവദിച്ചുകൊണ്ടാണു് ഈഴവർ അവരുടെ പ്രതിനിധിയെ തിരഞ്ഞെടുത്തിട്ടുള്ളതു എന്നു കണ്ണുനല്ലവണ്ണം തുറന്നു നോക്കിയാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സമുദായത്തിന്റെ താൽപര്യം അതാണു്. എന്നല്ലെ ഇതുതെളിയിക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: സമുദായത്തിന്റെ മാത്രമല്ല, അവരെ തിരഞ്ഞെടുത്തയക്കുന്ന വോട്ടർ മാരുടെയും താൽപര്യം അതാണു്. ഉദ്യോഗാർത്ഥിയല്ലെന്നു പ്രസിദ്ധീകരിച്ച ഈഴവ സ്ഥാനാർത്ഥി പിൻവലിച്ചു പോകയാണു് ചെയ്തതു്. എന്നെസംബന്ധിച്ചു് പറയുകയാണെങ്കിൽ എനിക്കു് ഓണറേറിയം ഇല്ല. ശമ്പളവുമില്ല. കിട്ടുന്ന സംഖ്യ യാത്രച്ചിലവിനു തന്നെ കഷ്ടിച്ചേ മതിയാകയുള്ളു.

മിസ്റ്റർ പോപ്പട്ടലാൽ ഗോവൽദാനലാലൻ: കറൻസി നോട്ടു് ആയ്ക്കൊണ്ടായിരിക്കാം.

മിസ്റ്റർ സി. വി. ഇയ്യു: വെള്ളി കിട്ടിയാലും ചിലവാകും. ശരിക്കു നൂറു രൂപ്പികയേ കിട്ടുന്നുള്ളു. സിവിൽ ലിസ്റ്റു് നോക്കിയാൽ കാണാം അതു യാത്രച്ചിലവിനു മാത്രമുള്ളതാണെന്നു. ഞാൻ ഇവിടെ ഒന്നും മിണ്ടുന്നില്ലെന്നും മറ്റും ബഹുമാനപ്പെട്ട ഏറണാകുളം മെമ്പർ പറഞ്ഞതായി കേട്ടു. ഞാൻ വെൽഫെയർ ഉദ്യോഗം സ്വീകരിക്കുന്നതിനുമുമ്പു് ഉണ്ടായിരുന്ന യൂണിയനിസ്റ്റു പാർട്ടിയിലെ ഒരംഗമായി ചേർന്നതിനുശേഷം, ആറു മാസത്തിനുള്ളിൽ ഞാൻ ശബ്ദിച്ചിട്ടുള്ളതു് എത്രയുണ്ടെന്നു് നിയമസഭാ റിപ്പോർട്ടു് നോക്കിയാൽ കാണാം. ഈ പാർട്ടിയിൽ ചേർന്നതിനുശേഷം, അതിനു മുമ്പിലത്തേതിലും കുറെ കുറച്ചു് മാത്രമെ ശബ്ദിക്കുന്നുള്ളു എന്നതു ശരിയാണു്. പക്ഷെ ഉദ്യോഗം സ്വീകരിച്ചുശേഷമല്ല പാർട്ടിയോഗം കൂടുമ്പോൾ അജണ്ടയിൽ കാണുന്ന വിഷയത്തെക്കുറിച്ചു് ഇന്നയിന്ന ആളുകളല്ലാതെ വേറെ ആരും സംസാരിക്കരുതെന്നാണു് തീരുമാനം. ഒരു രാഷ്ട്രീയകക്ഷിയിലുള്ളപ്പോൾ ആ കക്ഷിയുടെ നിയമം ലംഘിക്കാതെ കഴിക്കണമെന്നാണു് എന്റെ ആഗ്രഹം. ഏതു സ്ഥാപനത്തിൽ ഇരുന്നാലും അതിന്റെ അച്ചടക്കം അനുസരിച്ചു് നടക്കുവാനാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. അതുകൊണ്ടു് എന്റെ സംസാരത്തിന്റെ ശക്തിയും കുറെ കുറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എം. നാണുമേനോൻ: ശബ്ദം കുറക്കണമെന്നു പാർട്ടി പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: ഉണ്ടു്. പാർട്ടി എന്നോടു് ആവശ്യപ്പെടുന്നതനുസരിച്ചു് ഞാൻ ചെയ്യുന്നുണ്ടു്. ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ഞങ്ങളുടെ പാർട്ടിയുടെ സമ്മതം ആവശ്യപ്പെട്ട അവസരത്തിൽ ഓണറേറിയം വാങ്ങുന്ന രണ്ടു സാമാജികന്മാർ ഞങ്ങളുടെ പാർട്ടിയിലുണ്ടു്, അവർ ഉദ്യോഗം രാജി വെക്കുകയോ അല്ലെങ്കിൽ അവരുടെ കൌൺസിൽ മെമ്പർഷിപ്പു് രാജിവെക്കുകയോ ചെയ്യണമെന്നു് ആവശ്യപ്പെടുകയുണ്ടായി.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I rise to a point of order. I invite the attention of the Hon'ble Chair to Rule No. 47 of the Legislative Council Rules

LIBRARY ARCHIVES Kerala Legislative Assembly

regarding limits of discussion. I solicit a ruling from the Chair in consonance to Standig Order No. 47, what exactly is the scope of discussion in this discussion whether politics of a party could be adverted to here in the discussion on this resolution. That is the point of order that I wish to place before the Chair.

Mr. Deputy President: To illustrate a principle and in the elaboration of that illustration, I think the Hon'ble Member is in order.

Mr. A. V. Moothedan: *(Chalakkudi):* Was not bye-election fought on this issue?

മിസ്റ്റർ സി. വി. ഇയ്യു: ഇതുകൂടാതെ വേറെ ഒരു പ്രമേയവും പാട്ടിയിൽനിന്നും അവതരിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുകുന്ദപുരം ഈഴവമെമ്പറും, ബഹുമാനപ്പെട്ട ക്രാങ്ങ്ഗന്നൂർ മെമ്പറും.....

എന്നെ ഉദ്ദേശിച്ചു് അവരുടെ ആ പ്രമേയം അവതരിപ്പിച്ചിട്ടില്ല. ഈ ഘട്ടത്തിൽ പാട്ടി എന്നോടു് ആവശ്യപ്പെടുന്നപക്ഷം ഗവമ്മെണ്ടു് എനിക്കു തന്നിട്ടുണ്ടെന്നു നിങ്ങൾ പറയുന്ന ഈ ഉദ്യോഗം രാജിവെക്കുവാൻ ഞാൻ തയ്യാറാണു്. കഴിഞ്ഞ വൃശ്ചികമാസം മുതലു് മിലിട്ടറി വെൽഫെയർ ഓഫീസർ ഉദ്യോഗം ഞാൻ തുടർന്നു നോക്കിവരുന്നതു് പാട്ടിയുടെ ഔപചാരികമായ സമ്മതത്തോടുകൂടിയാണു്.

അതുകൊണ്ടു് ഈ കാര്യത്തിൽ എനിക്കു പറയുവാനുള്ളതു് നിയമസഭയിലേക്കു് മെമ്പർമാരെ തിരഞ്ഞെടുത്തയച്ചിട്ടുള്ളതു് ഓരോ നിയോജകമണ്ഡലങ്ങളിലേയും വോട്ടർമാർ അവരെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ ഉദ്യോഗം സ്വീകരിക്കരുതെന്നുള്ള പ്രതിജ്ഞയോടുകൂടിയല്ല. അതുകൊണ്ടു് ഉദ്യോഗം സ്വീകരിക്കുന്നതു് മെമ്പർമാരെ സംബന്ധിച്ചിടത്തോളം തെറ്റല്ല. ഇതിനു കീഴ്ക്കടയുള്ള നിയമസഭാ നടപടികൾകൊണ്ടു് സിറ്റിംഗ്സ് മെമ്പർമാർ ഉദ്യോഗം സ്വീകരിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. പൊതുജനങ്ങൾക്കു് അതിൽ വിരോധമില്ലെന്നും അതുകൊണ്ടു് മനസ്സിലാക്കാം. ജനങ്ങളുടെ അഭിപ്രായമാണു് ജനാധിപത്യമെന്നു പറയുന്നതു്. അതുകൊണ്ടു് പൊതുജനങ്ങൾക്കു് നിയമസഭാ മെമ്പർമാരാകുന്നവർ ഉദ്യോഗം സ്വീകരിക്കുന്നതിൽ വിരോധമില്ലന്നാണു് അർത്ഥം വിവക്ഷിക്കുവാനുള്ളതു്.

Mr. A. V. Moothedan *(Chalakkudi):* Sir, the Hon'ble Member for Vadakkancheri moved a similar resolution during the budget session and I had the opportunity to oppose the motion, and I do not find any reason from the discussion that has taken place today to change my views. The sincere object of the Hon'ble Member for Vadakkancheri is that our House should be an independent body criticising the action of Government in a fearless manner and very freely. That is the underlying object of this motion and to impede that object, the appointments are all made. Therefore, the Hon'ble Member for Vadakkancheri wants to abolish that system. To carry out that idea most effectively some further amendment is required, that is to say, sitting members, their relations or friends. These words will have to be substituted. If the Hon'ble President will give me leave to move a short notice amendment, I shall move that. Sitting members, their relations and friends shall not be appointed. Then we reach that desired proposition. So, to carry out effectively the object of the mover, that amendment is necessary. My respectful submission is that this resolution is not necessary. Our Legislative Council has got a very foremost place in the whole of the legislative bodies in India. I have heard the people stating that members of the Cochin Legislative Council have criticised the Government very fearlessly and very effectively also without looking that side or this side. That is the opinion that the public outside have formed.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Formerly.

Mr. A. V. Mootheden *(Chalakkudi)* Even today, compared to the other legislatures you will find that that is so. Therefore, I firmly believe that this resolution is not necessary andI am giving my reasons. What will be the idea of the public? In the last Budget Session one Hon'ble Member was attacking the Government and the Hon'ble Minister in season and out of season for making appointments to the National War Front and so on. At that very time, his application was pending before the Diwan. What will the public think about such a member? It is a sort of insincerity and want of dignity in the member and the House. My views may be right or wrong. But to give expression to a false view, that the public will condemn. I may be criticised for my holding an orthodox view, I am not far-reaching or advanced in politics; but I

LIBRARY ARCHIVES Kerala Legislative Assembly

must not be attacked for dishonesty. What I feel right I will state. Last time also, the Hon'ble member for commerce attacked me by questioning whether my application was pending before the Diwan. I said I had not made an application. What I say is that there should be sincerity in our actions, but there is no use of academic discussions about anything. Therefore, my respectful submission is that the resolution is not necessary. It serves no useful purpose, because there is great misapprehension among the public. They condemn these members for accepting service. Therefore, Mr. Ezhuthassan has served a purpose by discussing this subject. That shows that we are fearless, even criticising our own colleagues, and that won't make our Council less dignified. We criticise if our hon'ble colleagues are wrong. Therefore, I do not blame the Hon'ble Member for Vadakkancheri for tabling a resolution and having a discussion. I welcome him. No member who is personally interested should get worried about that.

There was another point. The Hon'ble Minister made a mistake in appointing members of this House to the National War Front without amending the Payment of Salaries and Allowances Act. I brought that matter pointedly to the House. I quoted from the Parliamentary discussion. Had the Minister cared to act in a legal way, that, is bringing a bill for amending the Cochin Payment of Salaries and Allowances Act in such a way enabling the hon'ble members to accept honorariums and serve as was done in Madras, and other legislatures, then there would not have been room for such complaint.

Mr. K. M. Ibrahim *(Cranganur)*: Was not your motion voted down?

Mr. A. V. Moothedan *(Chalakkudi)*: Yes. That Minister did not care; Had he proceeded in the proper manner, the House would have given its verdict, if the House did not want members to be appointed. Instead of that the Minister went wrong in proceeding this way. Without going in a straightforward manner by amending the law, the Hon'ble Minister proceeded in this way, and the result is all these cantankerous criticisms. I quoted Parliamentary illustrations There was an amendment in the Parliament enabling members to accept service under the Crown as Ambassadors, I think, before the appointment of Lord Halifax as Ambassador for Washington and Sir Samuel Hoare in Spain. To enable them to continue as members of Parliament, a Bill was introduced in the House of Commons by Mr. Churchil, the Prime Minister. So, that was the proper way. If the House had anything to say on the matter, it would have done that. Now, it is clear that the Hon'ble Minister has made a mistake. I even doubt from the tone of the speach and the discussion here that this amounts to a motion of want of confience in the Minister. At first, the members were attacking the Minister and the past Diwan for these appointments. Therefore, Sir, if the idea underlying this resolution is that we must have a very fearless and independent House, it is good. But it is not necessary, because our State is so small and people who are able to do responsible work from several communities would be very few. Therefore occassionally it would become necessary in the interests of so many questions of political considerations and so on to appoint members of the Legislative Council. Therefore, I think there is nothing wrong in appointing members of the Council.

Then, there is another point. In Narakkal, there was a bye-election last Makaram 12th. The Secretary to the Unionist Party was a candidate. There were other two candidates also. One issue raised by the other members was that this member Mr. Ouseph is going to enter Government service and therefore he should not be elected. The final verdict was he was elected. So, there was a straight issue there, whether a man who is an advocate of the Madras High Court and this High Court and who is eligible for any service in government, should be elected. There was a clear proposition by the other candidates that he was bound to accept Government service and this is only a divise to get Government service and it was voted against, by the electors. Therefore, what I say is the public do not attach so much ofimportance to this question as it is given by the Hon'ble members of this House. After all by receiving Rs. 50 honorarium these members who have spent their life-time for certain causes, will they change their views? I do not think. We should be charitable to them. I do not belong to the nuionist Party. I am a very severe critic of that party.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Of every party.

Mr. A. V. Moothedan *(Chalakkudi)*: Yes, because I have got some independence. The public also do not want this resolution to be passed. Therefore, I do not support the resolution.

മിസ്റ്റർ സി. വി. ഇയ്യു: നിങ്ങൾ പറഞ്ഞ വാചകം അതല്ലെങ്കിലും പ്രസംഗത്തിന്റെ തത്വം അതാണ്. പിന്നെ ബഹുമാനപ്പെട്ട ക്രാങ്ങ്ഗന്നൂർ മെമ്പർ പറഞ്ഞ മാതിരി ഓരോ സമുദായത്തിലും പ്രത്യേകിച്ച് അവശസമുദായങ്ങളിൽനിന്നും അവക്ക കിട്ടാവുന്നതിൽവെച്ച് നല്ല ആളുകളെയാണ് ഇന്നത്തെ പരിതസ്ഥിതിയനുസരിച്ച് തിരഞ്ഞെടുത്തയക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൽ അവശസമുദായത്തിൽപെട്ട ആളാണെന്നുള്ള ബോദ്ധ്യം എനിക്കില്ല. അങ്ങിനെ ആ രും എന്നെ കണക്കാക്കുകയുമില്ല. അതുകൊണ്ടാണു് ഞാൻ ഈ പ്രമേയത്തിനു ഒരു ഭേദഗതി തന്നെ അയച്ചതു്. അവശസമുദായങ്ങൾക്കു ശരിയായി പ്രാതിനിദ്ധ്യം കിട്ടുന്നതിനുവേണ്ടി മാത്രമെങ്കിലും ഇപ്പോൾ ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുള്ള നയത്തിൽ വ്യത്യാസപ്പെടത്തരുതെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ന്യായബുദ്ധ്യാ ഈ പ്രമേയത്തെ എതിർക്കാതെ നിവൃത്തിയില്ല. മുമ്പു പറഞ്ഞ കാരണങ്ങൾ അതിനെ സാധൂകരിക്കുന്നുണ്ടു്. അതുകൊണ്ടു് ഞാൻ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: മിസ്റ്റർ പ്രസിഡെണ്ടു്, ഈ ഉപക്ഷേപത്തെ ഞാൻ സർവ്വപ്രകാരേണയും അനുകൂലിക്കുകയാണു് ചെയ്യുന്നതു്. ഏതെങ്കിലുമൊരു അംഗത്തിനു് ഉദ്യോഗം കൊടുക്കുന്നതുകൊണ്ടു് വലിയ വൈഷമ്യമുണ്ടെന്നു് തോന്നുന്നില്ല. പക്ഷെ, അതു് എങ്ങിനെയുള്ള ഘട്ടത്തിലായിരിക്കണമെന്നാണു് ആലോചിക്കേണ്ടതു്. പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു അംഗത്തിനല്ലാതെകണ്ടു്, ഒരു ഉദ്യോഗം വഹിക്കുവാൻ സാദ്ധ്യമല്ലെന്നു് ബോദ്ധ്യംവരുന്നഘട്ടത്തിൽ ആ ആളെക്കു് തന്നെയാണു് ആ ഉദ്യോഗം കൊടുക്കേണ്ടതു്. ഇതേവരെ ഉദ്യോഗം സ്വീകരിച്ചിട്ടുള്ളവർ ജനങ്ങളേയും, ഗവർമ്മെണ്ടിനേയും വഞ്ചിച്ചിട്ടുണ്ടെന്നു് പറയുവാൻ ഞാൻ ഒരുക്കമില്ല. എന്നാൽ ഈ നടപടി തുടർന്നു പോവുകയാണെങ്കിൽ വഞ്ചകന്മാർ മേലിൽ ധാരാളമാകുമെന്നുള്ളതു് തീർച്ചയാണു്. പൊതുജനങ്ങളോടു് അവരുടെ കാര്യങ്ങൾ നിയമസഭവഴി സാധിപ്പിച്ചുകൊള്ളാമെന്നു് വിശ്വസിപ്പിച്ചതിനുശേഷമാണു് അംഗങ്ങൾ കൌൺസിലിലേക്കു് വരാറുള്ളതു്. ആ വാഗ്ദത്തം ശരിക്കു് നിവൃഹിക്കണമെന്നുണ്ടെങ്കിൽ, കുറച്ചൊരു ആത്മാഭിമാനം ആവശ്യമാണു്. ഉദ്യോഗാർത്ഥിയും മേലുദ്യോഗസ്ഥനും തമ്മിൽ സ്വാമിഭൃത്യഭാവമാണുള്ളതു്. കൊച്ചിരാജ്യത്തു് സകലർക്കും, സ്വപ്രധാനമായിട്ടുള്ളതു് ഉദ്യോഗമാണു്. ഇവിടത്തെ സാമുദായിക വഴക്കുകളും, രാഷ്ട്രീയകാര്യങ്ങളിലുള്ള ഭിന്നാഭിപ്രായങ്ങളുമെല്ലാം ഉദ്യോഗത്തെ വലയം ചെയ്തിട്ടാണിരിക്കുന്നതു്. തനിക്കും സ്വസമുദായത്തിൽപ്പെട്ടവർക്കും കൂടുതൽ ഉദ്യോഗങ്ങൾ കിട്ടണം; ഇതൊക്കെയാണു് മിക്ക ആളുകളുടേയും പരമോദ്ദേശം. അങ്ങിനെയിരിക്കെ ഉദ്യോഗാർത്ഥികളായ അനുദ്യോഗസ്ഥാംഗങ്ങൾ ഔദ്യോഗിക ലാഭത്തെ മുൻനിർത്തി പൊതുജന താല്പര്യങ്ങളെ ബലികഴിച്ചേക്കുമെന്നതിൽ അത്ഭുതമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഒരു കാര്യം ചോദിക്കട്ടെ. ഈ നിയമസഭയിൽ അനുദ്യോഗസ്ഥമെമ്പർമാരായിരുന്ന ഇന്നത്തെ നമ്മുടെ ബഹുമാനപ്പെട്ട അഡ്വക്കേറ്റു് ജനറാൽ അവർകളും ഡിസ്ട്രിക്ട് ജഡ്ജിയായിരിക്കുന്ന മിസ്റ്റർ പി. രാമൻ മേനോനും ഈ നിയമസഭയിൽ പടവെട്ടികൊണ്ടിരുന്നവരായിരുന്നു. അവർക്കും ഈ വഞ്ചന മനസ്ഥിതിയുണ്ടെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

മിസ്റ്റർ പി. നാരായണമേനോൻ: എനിക്കു അതിനെകുറിച്ചു് ഒരു അഭിപ്രായം പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ശിവരാമമേനോൻ: എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ എനിക്കു് ഉദ്യോഗം തരുവാൻ പോകുന്നുവെന്നുള്ള വിവരം എന്നോടു നേരിട്ടു സംസാരിച്ചതിനുശേഷമാണു് ഞാൻ അറിഞ്ഞതു്.

മിസ്റ്റർ പി. നാരായണമേനോൻ: ചില പ്രത്യേകഘട്ടങ്ങളിൽ രാജ്യത്തിന്റെയും, പൊതുജനങ്ങളുടേയും രക്ഷയേയും, നന്മയേയും ഉദ്ദേശിച്ചു് ഇങ്ങിനെയുള്ള ആളുകളെ ഉദ്യോഗത്തിൽ നിയമിക്കുന്നതു് നല്ലതാണെന്നു് ഞാൻ ആദ്യമേ പറഞ്ഞു. പക്ഷെ, ഇതു് ഒരു നിയമമാക്കിയാൽ പൊതുജന വഞ്ചകന്മാർ ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ആ ഒരു സംഗതിയിൽ മാത്രമെ എനിക്കു അഭിപ്രായവ്യത്യാസമുള്ളു. സാധാരണയായിട്ടു് ഗവർമ്മെണ്ടു് ഉദ്യോഗം സമ്പാദിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു് മിക്കചെറുപ്പക്കാരും കൌൺസിലിൽ കടന്നുകൂടുവാൻ ഉത്സാഹിക്കുന്നുവെന്നുള്ള ഒരു തെറ്റിദ്ധാരണ ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുണ്ടു്. ന്യൂനസമുദായത്തിൽപ്പെട്ടവരായാലും, അനന്യൂനസമുദായത്തിൽപ്പെട്ടവരായാലുംവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ചെറുപ്പക്കാരനായ ആളാണു് പ്രതിനിധിയായി നിൽക്കുന്നതെങ്കിൽ അയാളുടെ പരമോദ്ദേശം എങ്ങിനെയെങ്കിലും ഉദ്യോഗത്തിൽ പ്രവേശിക്കണമെന്നുള്ളതായിരിക്കും. ഞാൻ ഒരു വൃദ്ധനായതുകൊണ്ടാണു് തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽനിന്നും എന്നെ തിരഞ്ഞെടുത്തതു്. ഞാൻ ഉദ്യോഗം ആവശ്യപ്പെടുകയില്ലെന്നും, ആവശ്യപ്പെട്ടാൽതന്നെ എനിക്കു തരികയില്ലെന്നും, [illegible] വക ഒഴിച്ചു വശങ്ങളിൽനിന്നു് ഞാൻ ഒഴിഞ്ഞു നില്ക്കുമെന്നും എന്റെ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം സമ്മതിദായ

LIBRARY ARCHIVES Kerala Legislative Assembly

കന്മാക്കു് തോന്നിയതിന്റെ ഫലമായിട്ടാണു് അവിടെ വിദ്യാഭ്യാസയോഗ്യതയുള്ള പല ചെറുപ്പക്കാരുണ്ടായിരുന്നിട്ടും എന്തെതന്നെ തിരഞ്ഞെടുത്തതു് നിയമസഭാ സാമാജികന്മാർ ഉദ്യോഗസമ്പാദനത്തിൽ രണ്ടു മാർഗ്ഗങ്ങളാണു് സ്വീകരിച്ചുകാണുന്നതു്. ആദ്യംമുതൽ സകല ആളുകളുടേയും നല്ലകുട്ടിയായിട്ടു കഴിഞ്ഞുകൂടി കുറേക്കാലം കഴിഞ്ഞു ആ മനുഷ്യൻ തരക്കേടില്ലെന്നു് എല്ലാവക്കും ഒരു അഭിപ്രായം തോന്നിപ്പിച്ചു് ഉദ്യോഗം സമ്പാദിക്കുക; ഇതു് ഒരുവഴി. മറെറാരുവഴി, സ്ഥാനത്തും അസ്ഥാനത്തും ഗവൺമെണ്ടിനെ കുറെ പറയുക; പ്രസംഗങ്ങൾ പൊടിപാറുക, സകലതിനും ഗവൺമെണ്ടിനെ എതുക്കുക ഈതരത്തിൽ കുറെ കഴിയുമ്പോൾ ഗവൺമെണ്ടിനുതന്നെ തോന്നും ഒരു ഉദ്യോഗമാകുന്ന അപ്പക്ഷണംകൊണ്ടു് അയാളുടെ വായ അടച്ചുകെട്ടുവാൻ. ഈ രണ്ടു വഴികളിൽക്കൂടി ഉദ്യോഗം സമ്പാദിച്ചിട്ടുള്ള ആളുകൾ മുമ്പും ഇപ്പോഴും ഉണ്ടായിട്ടുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. അതിന്റെ പരമാർത്ഥം എനിക്കറിഞ്ഞുകൂടാ. ഞാനും ഒരു ചെറുപ്പക്കാരനായിരുന്നുവെങ്കിൽ ഒരുപക്ഷെ എന്റേയും പോക്കു് ഈ ഒരു വഴിക്കായിരുന്നേനെ. മനുഷ്യരെല്ലാവരും ദുർബ്ബലന്മാരാണു്. പല കാര്യങ്ങളിലും ഔദാര്യം പ്രകാശിക്കാതെ നിവൃത്തിയില്ലല്ലൊ. ഗവൺമെണ്ടിന്റെ ഓണറേറിയമോ, അല്ലെങ്കിൽ പ്രത്യേകവല്ല പാരിതോഷികമോ സ്വീകരിക്കുന്നതിൽ ഭിന്നാഭിപ്രായമില്ല. ഓണറേറിയം സ്വീകരിക്കുന്നവർ ഊജ്ജിതമായി പ്രവൃത്തിക്കുന്നില്ലെങ്കിൽ പരുത്തു് കോഴിക്കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടുപോകുംപോലെ, ജപ്പാൻകാർ നമ്മെ ഉപദ്രവിക്കുമായിരുന്ന ഭയങ്കരമായ ജപ്പാൻവിപത്തിൽനിന്നു് നമ്മെ രക്ഷിക്കുവാൻവേണ്ടിയാണു് അവർ ഓണറേറിയം വാങ്ങുന്നതു്.

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

APPENDIX I

(See Answer to Question No. 129)

List of Mills

TALAPPALLI TALUK.—

1. Vardhan Rice Mill, Chelakkara
2. Venkitarama Ayyar's Rice Mill, Pazhayannur
3. Matappilli Rice Mill, Thiruvilluamala

TRICHUR TALUK.—

1. P. K. S. Rice Mill
2. S. K. S. Rice Mill
3. Mooken's Rice Mill
4. Guruvijaya Rice Mill
5. R. M. Rice Mill
6. St. John's Rice Mill
7. Trader's Union Rice Mill
8. Commercial Rice Mill
9. Little Flower Rice Mill
10. St. Antony's Rice Mill
11. St. Xavier's Rice Mill
12. C. M. Rice Mill
13. Veliyannore Rice Mill
14. Vijayapuram Rice Mill
15. Sreekrishna Rice Mill
16. Kolazhi Rice Mill

APPENDIX II

(See Answer to Question No. 130)

		Last war	*Present war*
(*i*)	..	30	177
(*ii*)	Primary Department ..	11	109
	Lower Secondary Department ..	11	44
	Upper Secondary Department ..	8	24
(*iii*)	Aided schools ..	16	95
	Sirkar schools ..	14	82

LIBRARY ARCHIVES Kerala Legislative Assembly